**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.272</u> <u>12.01.2021 ൽ മറുപടിക്ക്</u>

<u>തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി</u>

| ചോദ്യം<br><br>ശ്രീ.എം.സ്വരാജ്: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) | തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി താഴെ സൂചിപ്പിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1) തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഡയാലിസിസ് യൂണിറ്റ് നിർമ്മാണത്തിന് ബഹു. തൃപ്പൂണിത്തുറ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.എം.സ്വരാജിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 50,00,000/- രൂപ (അൻപത് ലക്ഷം) അനുവദിക്കുകയും, കെട്ടിടം പണി പൂർത്തീകരിച്ച് പ്രവർത്തനം സുഗമമായി നടന്നു വരുന്നതുമാകുന്നു.<br><br>(2) താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>(3) ബഹു. തൃപ്പൂണിത്തുറ നിയോജക മണ്ഡലം എം.എൽ.എ ശ്രീ എം. സ്വരാജിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ മുടക്കി സൗകര്യങ്ങളുള്ള പുതിയ ആംബുലൻസ്<br><br>അനുവദിച്ചിട്ടുള്ളതും നിലവിൽ കാര്യക്ഷമമായി സേവനം നൽകി വരുന്നതുമാകുന്നു.<br><br>(4) ലാബ് ടെക്നീഷ്യന്റെ രണ്ട് തസ്തികകൾ അധികം സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ വിശദാംശങ്ങൾ നിലവിലെ പുരോഗതി സഹിതം അറിയിക്കുമോ? | | |

Hari

സെക്ഷൻ ഓഫീസർ